**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2805** **18-03-2022 - ൽ മറുപടിയ്ക്ക്**

**എസ്.സി.,എസ്.ടി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ എം എസ് അരുൺ കുമാർ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകമായി ആവിഷ്കരിച്ച പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ; നേഴ്സറി, പ്രീമെട്രിക്, പോസ്റ്റ് മെട്രിക് തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1) പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ 99 നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ പ്രീപ്രൈമറി വിദ്യാർത്ഥികൾക്ക് ധനസഹായവും നൽകി വരുന്നു. 2) പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 10-ാം ക്ലാസ് വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സം ഗ്രാന്റും, പ്രതിമാസ സ്റ്റൈപന്റും അനുവദിച്ചു വരുന്നു. 3) 4,7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസു വരെ അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചു വരുന്നു. 4) 9,10 ക്ലാസ്സുകളിൽ പഠിക്കുന്നതും 2.5 ലക്ഷം വാർഷിക വരുമാന പരിധിയുള്ളതുമായ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് പുറമെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും ലഭിക്കുന്നു. 5) പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം പത്താം ക്ലാസിന് മുകളിലുള്ള പട്ടികജാതി/ പട്ടികവർഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ്, ഹോസ്റ്റൽ ഫീസ്, ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ ലഭിക്കുന്നു. 6) അക്കാഡമിക്-കലാ-കായിക മൽസരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സമർത്ഥരായ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം. 7) മെഡിക്കൽ/എഞ്ചിനീയറിംഗ് പൊതു പ്രവേശന പരീക്ഷക്കുള്ള പരീക്ഷാ |

| | | | |
|---|---|---|---|
| | | | പരിശീലനത്തിന് ധനസഹായം 8) മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം 9) ലാപ്ടോപ് വിതരണം 10) MBBS, BDS വിദ്യാർത്ഥികൾക്കായി പഠനോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം 11) വിദ്യാർത്ഥികളുടെ ശാക്തീകരണത്തിനായി സാമൂഹ്യപഠന മുറി, ഗോത്രബന്ധു പദ്ധതി, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ |
| (ബി) | സ്വാശ്രയ സ്ഥാപനങ്ങളിൽ ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി.,എസ്.ടി. വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) | സ്വാശ്ര സ്ഥാപനങ്ങളിൽ ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നു. |
| (സി) | സംസ്ഥാനത്തിന് പുറത്തും രാജ്യത്തിന് പുറത്തും പഠിക്കുന്ന വിദ്യർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾ പഠിച്ച് വരുന്നതും, 2.5 ലക്ഷം കുടുംബവാർഷിക വരുമാനമുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസാനുകൂല്യവും, നാഷണൽ എൻട്രൻസ് പോലുള്ള പൊതുപ്രവേശന പരീക്ഷ വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നു. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പോസ്റ്റ്ഗ്രാജേറ്റ് കോഴ്സുകൾ പഠിക്കുന്നതിന് ധനസഹായം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ